©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

**PUBLISHED BY AUTHORITY**

വാല്യം 7 / Vol. VII

തിരുവനന്തപുരം, ചൊവ്വ
Thiruvananthapuram, Tuesday

2018 മാർച്ച് 6
6th March 2018
1193 കുംഭം 22
22nd Kumbham 1193
1939 ഫാൽഗുനം 15
15th Phalguna 1939

നമ്പർ / No. 10

## PART III

# Co-operative Department

REGISTRATION CERTIFICATE

I do hereby certify in exercise of the powers conferred on me under Section 7 of the Kerala Co-operative Societies Act, 1969 (Act 21 of 1969) that the following societies, the particulars which are furnished in the Categorical Statements are registered by me today as a Co-operative Society under the said Act on the basis of limited liabilities and that the bye-laws of the undermentioned societies are also hereby registered under the said section.

**Categorical Statements**

(1)

No. O-6541/2017. *30th November 2017.*

1. Name of Society— Anchal Area Vikasana Social Welfare Co-operative Society Ltd. No. Q 1667.
2. Date of Registration—30-11-2017.
3. Address— Anchal Area Vikasana Social Welfare Co-operative Society Ltd. No. Q 1667, Anchal P. O.
4. Liability—Limited.
5. Area of Operation—Anchal, Edamulakkal, Yeroor, Kulathupuzha, Alayamon Panchayaths of Punalur Taluk.
6. Objectives—As per Bye law Clause-3.
7. Type—Miscellaneous Society, Social Welfare Society Rule 15 (12)(1) of KCS Act & Rule.
8. Authorized Share Capital—` 4,00,00,000 (Four Crore only)
   (1) 100000 'A' Class Share of ` 100 each.
   (2) 10000 'B' Class Share of ` 1,000 each.
   (3) 400000 'C' Class Share of ` 50 each.
9. Maximum Borrowing Power—100 times of total paid up Share Capital and Reserve Fund.

(2)

No. O-6425/2017. *16th January 2018.*

1. Name of Society— Pathanapuram Karshika-Matsya-Mamsa Ulpadaka Co-operative Society Ltd. No. Q 1668.
2. Date of Registration—16-1-2018.

3. Address—Pathanapuram Karshika-Matsya-Mamsa Ulpadaka Co-operative Society Ltd. No. Q 1668, Pathanapuram P. O.
4. Liability—Limited.
5. Area of Operation—Kollam District except Kollam Taluk.
6. Objectives—As per Bye law Clause 4.
7. Type—Producers Society Rule 15(5)(3) of KCS Act & Rule.
8. Authorized Share Capital—` 90,00,000 (Rupees Ninety Lakhs only).

    (1) 12000 'A' Class Share of ` 250 each
    (2) 5000 'B' Class Share of ` 1,000 each
    (3) 10000 'C' Class Share of ` 100 each.

9. Maximum Borrowing Power—100 times of total paid up Share Capital and Reserve Fund.

Office of the Joint Registrar of Co-operative Societies (General), Kollam.

(Sd.)
*Joint Registrar (General).*

---

REGISTRATION CERTIFICATE

No. O-5376/2016. *11th October 2017.*

I do hereby certify in exercise of the powers conferred on me under Section 7 of the Kerala Co-operative Societies Act, 1969 (Act 21 of 1969) that the following Society, the particulars which is furnished in the Categorical Statement is registered by me today as Co-operative Society under the said Act on the basis of limited liability and that the bye-laws of the undermentioned society is also hereby registered under the said section.

**Categorical Statement**

1. Name of the Society—Peringara Agricultural Improvement Co-operative Society Ltd. No. PT 298
2. Date of Registration—11-10-2017
3. Address—Peringara Agricultural Improvement Co-operative Society Ltd. No. PT 298, Peringara P. O., Thiruvalla, Pathanamthitta
4. Liability—Limited
5. Area of Operation—Peringara Panchayath
6. Main Object—Accept deposit and issue loans
7. Type—Primary Credit Co-operative Society Rule 15 (1) (A) (3) (A)
8. Authorised Share Capital—

| | | | |
|---|---|---|---|
| A Class— | ` 250 × 10000 | = | ` 25,00,000 |
| B Class— | ` 500 × 5000 | = | ` 25,00,000 |
| C Class— | ` 50 × 10000 | = | ` 5,00,000 |
| D Class— | ` 100 × 1000 | = | ` 1,00,000 |
| | | | ` 56,00,000 |

9. Maximum Borrowing Power—150 times of paid up Share Capital Plus Reserve Fund.

Office of the Joint Registrar of Co-operative Societies (General), Pathanamthitta.

(Sd.)
*Joint Registrar (General).*

---

REGISTRATION CERTIFICATE

No. O-5322/2017/R.Dis. *1st January 2018.*

I do hereby certify in exercise of the powers conferred on me under Section 7 of the Kerala Co-operative Societies Act, 1969 (Act 21 of 1969) that the following Society, the particulars which is furnished in the Categorical Statement is registered by me today as Co-operative Society under the said Act on the basis of limited liability and that the bye-laws of the undermentioned society is also hereby registered under the said section.

**Categorical Statement**

1. Name and Number of the Society— Kidangoor Indipendent Labour Contract Co-operative Society Ltd. No. K 1219.
2. Date of Registration—1-1-2018.
3. Address—Kidangoor P. O., Kottayam, Pin-686 572.
4. Liability—Limited.
5. Area of Operation—All over Kottayam District except Vaikom Taluk only.
6. Main Object—Improve the Skilled and Unskilled Employees Economic Education and Employment activities of its members.
7. Type of Society—Labour Contract Co-operative Societies-Primary-Primary Labour Contract Co-operative Societies, as per Rule 15-9 (1).
8. Authorized Share Capital—` 350 lakhs.
9. Maximum Borrowing Power— 150 times of paid up Share Capital + Reserve Fund.

Office of the Joint Registrar of Co-operative Societies (General), Kottayam.

(Sd.)
*Joint Registrar of Co-operative Societies (General).*

## മലപ്പുറം ജില്ലാ സഹകരണസംഘം ജനറൽ ജോയിന്റ് രജിസ്ട്രാറുടെ നടപടിക്രമം

(ഹാജർ : ശ്രീ. എം. റ്റി. ദേവസ്യ)

നമ്പർ എ.ഇ.എൽ. 09/2001. 2017 ഡിസംബർ 30.

വിഷയം:— സഹകരണ വകുപ്പ്—സമാപ്തീകരണം—അങ്ങാടിപ്പുറം എഫ്.സി.ഐ. ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 412—ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ച്—രജിസ്ട്രേഷൻ റദ്ദു ചെയ്ത് ഉത്തരവാകുന്നത്—സംബന്ധിച്ച്.

പരാമർശം:—1. മലപ്പുറം ജില്ല സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)ടെ 28-12-2000-ലെ എച്ച്. എം. സി. 1585/99/കെ.ഡി.സ്. നമ്പർ ഉത്തരവ്.

2. സഹകരണസംഘം രജിസ്ട്രാർ ഓഫീസിലെ ഇൻസ്പെക്ഷൻ സെൽ ഡെപ്യൂട്ടി രജിസ്ട്രാറുടെ 16-12-2014-ലെ പരിശോധന റിപ്പോർട്ട്.

3. സഹകരണസംഘം അഡീഷണൽ രജിസ്ട്രാറുടെ 24-4-2017-ലെ എ.ഇ.എൽ. 37813/14 നമ്പർ ഉത്തരവ്.

4. മലപ്പുറം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)ടെ 14-12-2017-ലെ എ.ഇ.എൽ. 9/2001 നമ്പർ ഉത്തരവ്.

5. ലിക്വിഡേറ്ററുടെ 22-12-2017-ാം തീയതിയിലെ സമാപ്തീകരണ റിപ്പോർട്ട്.

6. പെരിന്തൽമണ്ണ അസിസ്റ്റന്റ് രജിസ്ട്രാറുടെ 23-12-2017-ലെ എം. കെ. 611/2013 നമ്പർ കത്ത്.

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ താലൂക്കിൽ പ്രവർത്തിച്ചിരുന്ന അങ്ങാടിപ്പുറം എഫ്.സി. ഐ. ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 412 കേരള സഹകരണ സംഘം നിയമം വകുപ്പ് 71 പ്രകാരം സമാപ്തീകരിക്കുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവാകുകയും പെരിന്തൽമണ്ണ അസിസ്റ്റന്റ് രജിസ്ട്രാർ ആഫീസിലെ മങ്കട യൂണിറ്റ് ഇൻസ്പെക്ടർ 30-4-2001-ന് ലിക്വിഡേറ്ററായി ചാർജ്ജെടുക്കുകയുണ്ടായി.

സംഘത്തിന്റെ ആഡിറ്റ് 31-3-1992 വരെ മാത്രമേ പൂർത്തീകരിച്ചിട്ടുണ്ടായിരുന്നുള്ളൂ. സംഘത്തിന്റെ രജിസ്റ്ററുകൾ എല്ലാം അഗ്നി ബാധയുണ്ടായി നശിച്ചുപോയിരുന്നു. 30-4-2001-ന് ലിക്വിഡേറ്റർ ചാർജ്ജെടുക്കുന്ന വേളയിൽ തയ്യാറാക്കിയ ആസ്തി-ബാധ്യത സ്റ്റേറ്റ്മെന്റ് താഴെ നൽകുന്നു.

30-4-2001-ന് ലിക്വിഡേറ്റർ ചാർജ്ജെടുത്ത തീയതിയിലെ ബാക്കിപത്രം

| ബാദ്ധ്യതകൾ | തുക | ആസ്തികൾ | തുക |
|---|---|---|---|
| | ` | | ` |
| ഓഹരി മൂലധനം | 15050 | നീക്കിയിരുപ്പ് (ബാങ്കിൽ) | 10430.09 |
| | | വ്യത്യാസം | 4619.91 |
| | 15050 | | 15050.00 |

തുടർന്ന് ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ 31-3-2001 വരെയുള്ള വരവ് ചെലവ് കണക്ക് ലിക്വിഡേറ്റർ തയ്യാറാക്കുകയും ചെയ്തു. പരാമർശം (2) പ്രകാരം നടത്തിയ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 31-3-2001 വരെയുള്ള ടി വരവും ചെലവും 1-4-2001 മുതൽ ലിക്വിഡേറ്റർ ചാർജ്ജെടുക്കുന്ന 30-4-2001-ാം തീയതി വരെയുള്ള ബാങ്ക് ഇടപാടുകളും ഉൾപ്പെടെ ബാക്കി പത്രം പുനർ തയ്യാറാക്കുകയും ചെയ്തു.

30-4-2001—ാം തീയതിയിലെ ബാക്കിപത്രം (പുനർ തയ്യാറാക്കിയത്)

| ബാദ്ധ്യതകൾ | തുക | ആസ്തികൾ | തുക |
|---|---|---|---|
| | ` | | ` |
| ഓഹരി മൂലധനം | 34768.00 | സംഘത്തിന് വരേണ്ടവ | 3815260.22 |
| റിസർവ്വ് ഫണ്ട് നിക്ഷേപിക്കാനുള്ളത് | 417.45 | അഡ്വാൻസുകൾ | 618550.00 |
| സംഘത്തിന് വരേണ്ടവയ്ക്കുള്ള റിസർവ്വ് | 3763082.77 | സസ്പെൻസ് അസറ്റ് | 31900.00 |
| വിദ്യാഭ്യാസ ഫണ്ട് | 25.75 | സെക്യൂരിറ്റി ഡെപ്പോസിറ്റ് | 234845.75 |
| സിൽബന്തി ചെലവും തൻ ചെലവും | | നീക്കിയിരിപ്പ് (എം.ഡി.സി. ബാങ്ക് അക്കൗണ്ട് നമ്പർ 138) | 10430.09 |
| ആഡിറ്റ് ഫീസ് | 5000.00 | | |
| അഫിലിയേഷൻ ഫീസ് | 75.00 | | |
| സംഘത്തിൽ നിന്നും കൊടുക്കേണ്ടവ | 28645.00 | | |
| അഡ്വാൻസുകൾ | 499850.00 | | |
| ആർ & ഡി വ്യത്യാസം | 42540.31 | | |
| അറ്റ ലാഭം | 336581.78 | | |
| ആകെ | 4710986.06 | ആകെ | 4710986.06 |

സമാപ്തീകരണ നടപടികളുടെ ഭാഗമായി സംഘത്തിന്റെ കണക്കിൽ സർക്കാർ ബാധ്യതയായി ഉണ്ടായിരുന്ന ആഡിറ്റ് ഫീ, അഫിലിയേഷൻ ഫീ എന്നിവ യഥാസ്ഥാനത്ത് അടവാക്കുകയും ചെയ്തു.

സംഘം കണക്കിൽ ആർക്കെങ്കിലും എന്തെങ്കിലും തുകകൾ ലഭിക്കാനുണ്ടെങ്കിൽ ആയതിനുള്ള അവകാശം ഉന്നയിക്കുന്നതിന് രണ്ട് മാസം സമയം അനുവദിച്ചുകൊണ്ട് ക്ലെയിം നോട്ടീസ് 11-7-2017-ലെ കേരള സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ പ്രകാരമുള്ള നടപടിക്രമങ്ങൾക്കുശേഷം 30-4-2001-ന് ലിക്വിഡേറ്റർ ചാർജ്ജെടുത്ത തീയതി മുതൽ 30-11-2017 വരെ കണക്കുകൾ എ.ഇ.എൽ. ആഡിറ്റ് പൂർത്തീകരിക്കുകയും ചെയ്തു.

30-11-2017-ലെ ബാക്കിപത്രം

| ബാദ്ധ്യതകൾ | തുക ₹ | ആസ്തികൾ | തുക ₹ |
|---|---|---|---|
| ഓഹരി മൂലധനം | 34768.00 | സംഘത്തിന് വരേണ്ടവ | 3815260.22 |
| റിസർവ്വ് ഫണ്ട് നിക്ഷേപിക്കാനുള്ളത് | 417.45 | അഡ്വാൻസുകൾ | 618550.00 |
| സംഘത്തിന് വരേണ്ടവയ്ക്കുള്ള റിസർവ്വ് | 3763082.77 | സസ്പെൻസ് അസറ്റ് | 31900.00 |
| വിദ്യാഭ്യാസ ഫണ്ട് | 25.75 | സെക്യൂരിറ്റി ഡെപ്പോസിറ്റ് | 234845.75 |
| സംഘത്തിൽ നിന്നും കൊടുക്കേണ്ടവ | 28645.00 | നീക്കിയിരിപ്പ് (എം.ഡി.സി.) ബാങ്ക് | 14472.09 |
| അഡ്വാൻസുകൾ | 499850.00 | പെരിന്തൽമണ്ണ SA 200120(090041201000079) | |
| ആർ & ഡി വ്യത്യാസം | 42540.31 | (അക്കൗണ്ട് നമ്പർ 138) | |
| അറ്റ ലാഭം | 345698.78 | | |
| ആകെ | 4715028.06 | ആകെ | 4715028.06 |

സമാപ്തീകരണത്തിന്റെ ഭാഗമായി സ്വീകരിക്കാവുന്ന എല്ലാ നടപടികളും സ്വീകരിച്ചിട്ടും പിരിച്ചെടുക്കുന്നതിനോ കൊടുത്തു തീർക്കുന്നതിനോ സാധിക്കാത്ത ആസ്തികളും ബാധ്യതകളും യഥാക്രമം എഴുതി തള്ളുന്നതിനും കണ്ട് കെട്ടുന്നതിനും ലിക്വിഡേറ്റർ അപേക്ഷിച്ചതിന്റെയും അസിസ്റ്റന്റ് രജിസ്ട്രാർ, പെരിന്തൽമണ്ണയുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം എഴുതി തള്ളിയും കണ്ട് കെട്ടിയും ഉത്തരവാകുകയും ചെയ്തു.

(എ) മേൽ നടപടിക്ക് ശേഷം 30-11-2017-ലെ ആസ്തികളിലെ ബാക്കി നിൽപ്പ്.

| ആസ്തികൾ | 30-4-2001 | വർദ്ധനവ് | ആകെ (30-11-2017-ന്) | ലിക്വിഡേറ്റർ റിയലൈസ് ചെയ്തത് | ജോയിന്റ് രജിസ്ട്രാർ എഴുതി തള്ളിയത് (₹) | ബാക്കി നിൽപ്പ് |
|---|---|---|---|---|---|---|
| 1. സംഘത്തിന് വരേണ്ടവ | 3815260.22 | .. | 3815260.22 | .. | 3815260.22 | ഇല്ല |
| 2. അഡ്വാൻസുകൾ | 618550.00 | .. | 618550.00 | .. | 618550.00 | ഇല്ല |
| 3. സസ്പെൻസ് അസറ്റ് | 31900.00 | .. | 31900.00 | .. | 31900.00 | ഇല്ല |
| 4. സെക്യൂരിറ്റി ഡെപ്പോസിറ്റ് | 234845.75 | .. | 234845.75 | .. | 234845.75 | ഇല്ല |
| 5. നീക്കിയിരിപ്പ് | 10430.09 | 4042.00 | 14472.09 | .. | .. | 14472.09 |
| ആകെ | 4710986.06 | 4042.00 | 4715028.06 | .. | 4700555.97 | .. |

(ബി) മേൽ നടപടിക്കുശേഷം 30-11-2017-ലെ ബാദ്ധ്യതകളിലെ ബാക്കി നിൽപ്പ്.

| ബാദ്ധ്യതകൾ | 30-4-2001 (₹) | വർദ്ധനവ് | ആകെ (30-11-2017-ന്) (₹) | ലിക്വിഡേറ്റർ കൊടുത്ത് വീട്ടിയത് | ജോയിന്റ് രജിസ്ട്രാർ കണ്ടുകെട്ടിയത് (₹) | ബാക്കി നിൽപ്പ് |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| 1. ഓഹരി മൂലധനം | 34768.00 | .. | 34768.00 | .. | 34768.00 | ഇല്ല |
| 2. റിസർവ്വ് ഫണ്ട് നിക്ഷേപിക്കാനുള്ളത് | 417.45 | .. | 417.45 | .. | 417.45 | ഇല്ല |
| 3. സംഘത്തിന് വരേണ്ടവ റിസർവ് | 3763082.77 | .. | 3763082.77 | .. | 3763082.77 | ഇല്ല |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| വിദ്യാഭ്യാസ ഫണ്ട് | 25.75 | .. | 25.75 | .. | .. | 25.75 |
| ആഡിറ്റ് ഫീസ് | 5000.00 | .. | .. | 5000.00 | .. | ഇല്ല |
| അഫിലിയേഷൻ ഫീസ് | 75.00 | .. | .. | 75.00 | .. | ഇല്ല |
| സംഘത്തിൽ നിന്നും കൊടുക്കേണ്ടവ | 28645.00 | .. | 28645.00 | .. | 28645.00. | ഇല്ല |
| അഡ്വാൻസുകൾ | 499850.00 | .. | 499850.00 | .. | 499850.00 | ഇല്ല |
| ആർ ആന്റ് ഡി വ്യത്യാസം | 42540.31 | .. | 42540.31 | .. | 42540.31 | ഇല്ല |
| അറ്റ ലാഭം | 336581.78 | 9117.00 | 345698.78 | .. | 345698.78 | ഇല്ല |
| ആകെ | 4710986.06 | 9117.00 | 4715028.06 | 5075.00 | 4715002.31 | .. |

ആയതിനെ തുടർന്ന് ലിക്വിഡേറ്ററുടെ പേരിലേക്ക് മാറ്റിയ ബാങ്ക് നിക്ഷേപവും തുടർ പലിശയും ഉൾപ്പെടെയുള്ള തുകയായ 14530.09 രൂപയുടെ 15% തുകയായ 2180 രൂപ ലിക്വിഡേഷൻ ഫണ്ടിനത്തിൽ സർക്കാരിലേക്ക് അടവാക്കുകയും 5% തുക ലിക്വിഡേറ്ററുടെ ചെലവിലേക്ക് എടുക്കുകയും അതിൽനിന്നും വിദ്യാഭ്യാസ ഫണ്ട് അടവാക്കുകയും ചെയ്തു. തുടർന്നുള്ള ബാക്കി നിൽപ്പ് തുക മുഴുവനായും പെരിന്തൽമണ്ണ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ന്റെ പേരിലുള്ള മലപ്പുറം ജില്ലാ സഹകരണ ബാങ്കിലെ പെരിന്തൽമണ്ണ ശാഖയിലെ കോമൺ ലിക്വിഡേഷൻ ഫണ്ടിൽ നിക്ഷേപിക്കുകയും ചെയ്തു.

ലിക്വിഡേറ്റർ ചാർജ്ജെടുത്ത തീയതി മുതൽ 22-12-2017-ലെ അന്തിമ പൊതുയോഗം വരെയുള്ള വരവ് ചെലവ് കണക്ക് താഴെ നൽകുന്നു.

| വരവ് | തുക ` | ചെലവ് | തുക ` |
|---|---|---|---|
| പലിശ ഇനത്തിലുള്ള വരവ് | 9258.00 | 1. ആഡിറ്റ് ഫീസ് | 5000.00 |
| നിക്ഷേപം പിൻവലിച്ചത് | 19605.09 | 2. അഫിലിയഷേൻ ഫീ | 75.00 |
| | | 3. ലിക്വിഡേഷൻ ചാർജ്ജ് അടവാക്കിയത് | 2180.00 |
| | | 4. അസി. രജിസ്ട്രാർ കോമൺ ലിക്വിഡേഷൻ ഫണ്ട് | 11624.09 |
| | | 5. ലിക്വിഡേറ്റർക്ക് വന്ന ചെലവുകൾ | 700.00 |
| | | 6. വിദ്യാഭ്യാസ ഫണ്ട് | 26.00 |
| | | 7. ബാങ്കിൽ നിക്ഷേപിച്ചത് | 9258.00 |
| ആകെ | 28863.09 | ആകെ | 28863.09 |

സംഘത്തിന്റെ പേരിൽ മേൽ നടപടികൾക്ക്ശേഷം ആസ്തി/ബാധ്യതകൾ ഒന്നും നിലവിലില്ല. പരാമർശം (5) പ്രകാരം ലിക്വിഡേറ്റർ കേരള സഹകരണ സംഘം നിയമം ചട്ടം 69-ൽ അനുശാസിക്കുന്നവിധം സമാപ്തീകരണ പ്രക്രിയകൾ പൂർത്തിയാക്കി കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് അപേക്ഷിക്കുകയും പരാമർശം (6) പ്രകാരം അസിസ്റ്റന്റ് രജിസ്ട്രാർ പെരിന്തൽമണ്ണ ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. സംഘത്തിന്റെ കണക്കുകൾ എ.ഇ.എൽ. ആഡിറ്റർ പരിശോധിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

**ഉത്തരവ്**

അങ്ങാടിപ്പുറം എഫ്.സി.ഐ. ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ എം.412-ന്റെ അന്തിമ സമാപ്തീകരണം സംഘം ലിക്വിഡേറ്റർ പൂർത്തീകരിച്ചതിനാൽ ടി സംഘത്തിന്റെ രജിസ്ട്രേഷൻ 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം റദ്ദുചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ സംഘത്തിന്റെ റിക്കാർഡുകൾ കേരള സഹകരണ സംഘം നിയമം 1969, ചട്ടം 70 പ്രകാരം 3 വർഷക്കാലം സുരക്ഷിതമായി സൂക്ഷിക്കേണ്ടതും ടി കാലാവധിക്ക്ശേഷം ഈ ആഫീസിന്റെ അനുമതിക്കു വിധേയമായി നശിപ്പിക്കാവുന്നതാണ്.

സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ ആഫീസ്, മലപ്പുറം.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

## കാസറഗോഡ് ജില്ലാ സഹകരണസംഘം ജനറൽ ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(1)

നമ്പർ ഒ./2789/2017. 2017 ഡിസംബർ 20.

വിഷയം:—ഉദുമ പഞ്ചായത്ത് പ്രവാസി ഹരിത സഹകരണ സംഘം ക്ലിപ്തം നമ്പർ എസ്. 504—സമാപ്തീകരണം—ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—
1. കേരള സഹകരണ നിയമം 66-ാം വകുപ്പ് പ്രകാരം നിയമിതനായ അന്വേഷണ ഉദ്യോഗസ്ഥനായ ഉദുമ യൂണിറ്റ് ഇൻസ്പെക്ടർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ട്.
2. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഹോസ്ദുർഗ്ഗിന്റെ 10-7-2017-ലെ 1184/2017/യു നമ്പർ കത്ത്.
3. ഈ ഓഫീസിലെ 2-9-2017-ലെ ഇതേ നമ്പർ നോട്ടീസ്.

ഉദുമ പഞ്ചായത്ത് പ്രവാസി ഹരിത സഹകരണ സംഘം ക്ലിപ്തം നമ്പർ എസ്. 504 പ്രഥമ പൊതുയോഗം നടത്തിയതല്ലാതെ മറ്റു പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല എന്നും നിയമാവലി പ്രകാരമുള്ള പ്രവർത്തനങ്ങൾ സംഘം നടത്തിയിട്ടില്ല എന്നും സൂചന (1) പ്രകാരമുള്ള അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്. 8-12-2015-ന്ശേഷം ഭരണസമിതി നിലവിലില്ലാത്ത സാഹചര്യമാണ് സംഘത്തിൽ ഉള്ളതെന്നും സംഘത്തിന് പ്രാഥമികമായി ആവശ്യമായിട്ടുള്ള ഓഫീസ് മുറിയോ, ശമ്പളം പറ്റുന്ന ജീവനക്കാരനോ നിലവിലില്ലാത്ത സാഹചര്യമാണ് എന്നും പ്രഥമ ഭരണസമിതിയായിരുന്ന ആളുകൾക്ക് സംഘത്തിന്റെ പ്രവർത്തനത്തിൽ താൽപര്യം ഇല്ലാത്തതിനാലും പുനരുജ്ജീവിപ്പിക്കാനുള്ള യാതൊരു സാഹചര്യവും ഇല്ലാത്ത സാഹചര്യത്തിൽ കേരള സഹകരണ നിയമം 71 (2) ബി പ്രകാരം സംഘം സമാപ്തീകരണത്തിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്നും, സൂചന (1) പ്രകാരം അന്വേഷണ ഉദ്യോഗസ്ഥൻ ശുപാർശ ചെയ്തിരിക്കുന്നു. അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച റിപ്പോർട്ട് അംഗീകരിക്കാവുന്നതാണെന്നും സംഘം സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്നും സൂചന (2) പ്രകാരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഹോസ്ദുർഗ്ഗ് ശുപാർശ ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സംഘം പ്രവർത്തനം നടത്തിക്കൊണ്ട് പോകുന്നതിനുള്ള സാധ്യത വിരളമാണെന്ന് ബോധ്യമാകയാൽ 1969-ലെ കേരള സഹകരണ നിയമം 71(2) ബി വകുപ്പ് അനുസരിച്ച് സംഘം സമാപ്തീകരിക്കാതിരിക്കുവാൻ വല്ല കാരണവും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് 7 ദിവസത്തിനകം രേഖാമൂലം ബോധിപ്പിക്കണമെന്നും കാണിച്ചുകൊണ്ട് സൂചന (3) പ്രകാരം സംഘത്തിന്റെ മുൻ ഭരണ സമിതി അംഗങ്ങൾക്ക് നോട്ടീസ് നൽകിയിരുന്നു. ഇക്കാര്യത്തിൽ അഭിപ്രായം അറിയിക്കണമെന്ന് അറിയിച്ചുകൊണ്ട് കാസറഗോഡ് ജില്ലാ സഹകരണ ബാങ്ക്, ഹോസ്ദുർഗ്ഗ് താലൂക്ക് സർക്കിൾ സഹകരണ യൂണിയൻ എന്നിവർക്കും നോട്ടീസ് നൽകിയിരുന്നു. എന്നാൽ നിശ്ചിത സമയപരിധി കഴിഞ്ഞിട്ടും ആരും തന്നെ യാതൊരു ആക്ഷേപമോ, അഭിപ്രായമോ അറിയിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ 1969-ലെ കേരള സഹകരണ നിയമം 71 വകുപ്പ് അനുസരിച്ച് എന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച് താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

ഉദുമ പഞ്ചായത്ത് പ്രവാസി ഹരിത സഹകരണ സംഘം ക്ലിപ്തം നമ്പർ എസ്. 504 കേരള സഹകരണ നിയമം 71 (2) ബി വകുപ്പ് പ്രകാരം സമാപ്തീകരിക്കുന്നതിന് ഇതിനാൽ ഉത്തരവാകുന്നു. കേരള സഹകരണ നിയമം 72 (1)-ാം വകുപ്പ് പ്രകാരം ഹോസ്ദുർഗ്ഗ് താലൂക്ക് ജനറൽ വിഭാഗം സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിലെ ഉദുമ യൂണിറ്റ് ഇൻസ്പെക്ടറെ ടി സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

ലിക്വിഡേറ്റർ 72(2) വകുപ്പ് പ്രകാരം സംഘത്തിന്റെ എല്ലാ റിക്കാർഡുകളുടെയും ആസ്തികളുടെയും ചാർജ്ജ് ഉടനെ ഏറ്റെടുക്കേണ്ടതും സംഘം പ്രവർത്തനം സമാപ്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(2)

നമ്പർ ഒ./3015/2017. 2018 ജനുവരി 3.

വിഷയം:—മലബാർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഫോർ ഡിജിറ്റൽ അഡ്വാൻസ്മെന്റ് ക്ലിപ്തം നമ്പർ എസ്. 472—സമാപ്തീകരണം—ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—
1. കേരള സഹകരണ നിയമം 66-ാം വകുപ്പ് പ്രകാരം നിയമിതനായ അന്വേഷണ ഉദ്യോഗസ്ഥനായ തൃക്കരിപ്പൂർ യൂണിറ്റ് ഇൻസ്പെക്ടർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ട്.
2. ഈ ഓഫീസിലെ 2-9-2017-ലെ ഇതേ നമ്പർ നോട്ടീസ്.
3. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഹോസ്ദുർഗ്ഗിന്റെ 28-6-2017-ലെ 1181/2017/ടി നമ്പർ കത്ത്.

മലബാർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഫോർ ഡിജിറ്റൽ അഡ്വാൻസ്മെന്റ് ക്ലിപ്തം നമ്പർ എസ്. 472-ന്റെ പ്രവർത്തനം നിലച്ചതായും, സംഘത്തിന്റെ ആസ്ഥാനമായ ചീമേനിയിൽ സംഘത്തിന്റെ ഓഫീസോ, നെയിം ബോർഡോ സ്ഥാപിച്ചിട്ടില്ല എന്നും സംഘത്തിന്റെ ഭരണസമിതി യോഗം 10-9-2014-ന്ശേഷം ചേർന്നിട്ടില്ല എന്നും പൊതുയോഗം വിളിച്ച് ചേർക്കുന്നതിന് ഭരണസമിതിക്ക് സാധിച്ചിട്ടില്ല എന്നും സംഘം പുനരുജ്ജീവിപ്പിക്കുന്നതിനുള്ള സാധ്യത വിരളമാണെന്നും ആയതിനാൽ കേരള സഹകരണ നിയമം 71 (1) പ്രകാരം സംഘം സമാപ്തീകരണത്തിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്നും, സൂചന (1) പ്രകാരം അന്വേഷണ ഉദ്യോഗസ്ഥൻ ശുപാർശ ചെയ്തിട്ടുണ്ട്. സംഘം സമാപ്തീകരണത്തിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്നും, സൂചന (3) പ്രകാരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഹോസ്ദുർഗ്ഗ് ശുപാർശ ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സംഘം പ്രവർത്തനം തുടർന്ന് നടത്തിക്കൊണ്ട് പോകുന്നതിനുള്ള സാധ്യത വിരളമാണെന്ന് ബോധ്യമാകയാൽ 1969-ലെ കേരള സഹകരണ നിയമം 71(1) വകുപ്പ് അനുസരിച്ച് സംഘം സമാപ്തീകരിക്കാതിരിക്കുവാൻ വല്ല കാരണവും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് 7 ദിവസത്തിനകം രേഖാമൂലം ബോധിപ്പിക്കണമെന്നും അല്ലാത്തപക്ഷം മേൽ നടപടികൾ സ്വീകരിക്കുന്നതാണെന്നും കാണിച്ചുകൊണ്ട് സൂചന (2) പ്രകാരം സംഘത്തിന്റെ ഭരണ സമിതി അംഗങ്ങൾക്ക് നോട്ടീസ് നൽകിയിരുന്നു. ഇക്കാര്യത്തിൽ അഭിപ്രായം അറിയിക്കണമെന്ന് കാണിച്ചുകൊണ്ട്

കാസറഗോഡ് ജില്ലാ സഹകരണ ബാങ്ക്, ഹോസ്ദുർഗ്ഗ് താലൂക്ക് സർക്കിൾ സഹകരണ യൂണിയൻ എന്നിവർക്കും നോട്ടീസ് നൽകിയിരുന്നു. എന്നാൽ നിശ്ചിത സമയപരിധി കഴിഞ്ഞിട്ടും ആരുംതന്നെ യാതൊരു ആക്ഷേപമോ, അഭിപ്രായമോ അറിയിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ 1969-ലെ കേരള സഹകരണ നിയമം 71 വകുപ്പ് അനുസരിച്ച് എന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച് താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

മലബാർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഫോർ ഡിജിറ്റൽ അഡ്വാൻസ്മെന്റ് ക്ലിപ്തം നമ്പർ എസ്. 472 കേരള സഹകരണ നിയമം 71 (1)-ാം വകുപ്പ് പ്രകാരം ഹോസ്ദുർഗ്ഗ് താലൂക്ക് ജനറൽ വിഭാഗം സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിലെ തൃക്കരിപ്പൂർ യൂണിറ്റ് ഇൻസ്പെക്ടറെ ടി സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

ലിക്വിഡേറ്റർ 72(2) വകുപ്പ് പ്രകാരം സംഘത്തിന്റെ എല്ലാ റിക്കാർഡുകളുടെയും ആസ്തികളുടെയും ചാർജ്ജ് ഉടനെ ഏറ്റെടുക്കേണ്ടതും സംഘം പ്രവർത്തനം സമാപ്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

പി. റഹിം,
സഹകരണ സംഘം
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

കാസറഗോഡ്.